## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7853** **16.07.2014-ൽ മറുപടിയ്ക്ക്**

# സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി എത്തിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി എത്തിക്കാൻ കഴിയാതെ വന്നതിനാൽ സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധിയും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങേണ്ട സാഹചര്യവും ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | രാജ്യത്തെ മറ്റ് മേഖലകളിൽ നിന്ന് ദക്ഷിണേന്ത്യയിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് വൈദ്യുതി പ്രസരണ ശൃംഖലയിൽ അപര്യാപ്തത നിലനിൽക്കുന്നുണ്ട്. ടി കാരണത്താൽ സംസ്ഥാനത്തിൻെറ പുറത്തുനിന്ന് ഏകദേശം 1500 മെഗാവാട്ടോളം വൈദ്യുതി വാങ്ങുന്നതിന് വിവിധ വ്യാപാരികളും, ഉല്പാദകരുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും ഓപ്പൺ അക്സസ് ലഭിക്കുന്നില്ല. ടി. കാരണത്താൽ ദക്ഷിണേന്ത്യയിൽ നിന്നും കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയും, സംസ്ഥാനത്തിനകത്തുള്ള ദ്രവ ഇന്ധന നിലയങ്ങളായ KDPP, NTPC തുടങ്ങിയവയിൽ നിന്നും കൂടുതൽ വൈദ്യുതി ഉല്പാദിപ്പിച്ചുമാണ് വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നത്. കൂടാതെ കാലവർഷം നാളിതുവരെ ശക്തി പ്രാപിക്കാത്തതിനാൽ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ലഭ്യതയിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. |
| (ബി) എങ്കിൽ പുറത്തുനിന്ന് വൈദ്യുതി എത്തിക്കാൻ ലൈൻ അനുവദിക്കാനാവില്ലെന്ന ദേശീയ ലോഡ് ഡെസ്പാച്ച് സെൻററിൻെറ തീരുമാനം പുനഃപരിശോധിക്കാൻ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ; | (ബി) & (സി) | ഷോർട്ട് ടേം ഓപ്പൺ അക്സസ് അനുവദിക്കുന്നത് NLDC യും അതിൻെറ അനുബന്ധ സ്ഥാപനമായ SRLDC യുമാണ്. ടി. ഏജൻസികൾ, കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, Short Term Open Access അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങൾ പ്രകാരമല്ല ഓപ്പൺ അക്സസ് നിലവിൽ അനുവദിക്കുന്നതെന്നും, കേന്ദ്ര കമ്മീഷൻെറ ചട്ടങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ടി ഏജൻസികൾക്ക് നൽകണമെന്നും, വൈദ്യുതി ബോർഡ് കേന്ദ്ര കമ്മീഷനോട് അപേക്ഷിച്ചിട്ടുണ്ട്. |
| (സി) ദേശീയ ലോഡ് ഡെസ്പാച്ച് സെൻറർ ഇപ്രകാരം തീരുമാനമെടുക്കുവാനുള്ള കാരണം എന്താണെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | | |

(ഡി) സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി എത്തിക്കാൻ ലൈൻ സ്ഥാപിക്കാനായി ഈ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇതിനായി എന്തു തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ ;

(ഇ) വൈദ്യുതി പുറത്തുനിന്ന് എത്തിക്കുവാൻ ലൈനുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(ഡി) & (ഇ) സംസ്ഥാനത്തിന് പുറത്തു നിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകൾ പ്രധാനമായും പവർഗ്രിഡ് കോർപ്പറേഷനോ, അല്ലെങ്കിൽ കേന്ദ്ര ഗവൺമെൻറ് case 1 bid വഴി തെരെഞ്ഞെടുത്ത സ്വകാര്യ ലൈസൻസികളോ ആണ് നിർമ്മിക്കുന്നത്. കൂടാതെ മറ്റ് മേഖലകളിൽ നിന്ന് ദക്ഷിണേന്ത്യയിലേക്ക് കൂടുതൽ ലൈൻ നിർമ്മിക്കണമെന്നുള്ള ആവശ്യം കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്തൻ സംസ്ഥാനങ്ങൾ കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, പവർഗ്രിഡ് കോർപ്പറേഷൻ തുടങ്ങിയ വിവിധ ഏജൻസികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. CEA, SRPC തുടങ്ങിയ കേന്ദ്ര ഗവൺമെൻറ് ഏജൻസികൾ ട്രാൻസ്മിഷൻ പ്ലാനിംഗ് സംബന്ധമായ വിഷയങ്ങളിൽ നടത്തുന്ന മീറ്റിംഗുകളിൽ ബോർഡ് ടി വിഷയങ്ങൾ ഉന്നയിക്കുന്നുമുണ്ട്.

**സെക്ഷൻ ഓഫീസർ.**